
# LITTLE TECH

# DIGITAL MAGAZINE




Kerala Infrastructure and Technology for Education

little KITEs

## ലിറ്റിൽ കൈറ്റ്സ്

### ഐ. ടി. ക്ലബ്ബ്

രജി.നമ്പർ:LK/2018/29053

ഗവ:ഹൈസ്കൂൾ കഞ്ഞിക്കുഴി

ആൽപ്പാറ,04862 237818

# ഉള്ളടക്കം


1. ആശംസ................................ 1

2. എഡിറ്റോറിയൽ....................................... 2

3. മഴ കൊണ്ടുപോയ എൻറെ വീടും നാടും ............................ 3

4. രാത്രി വിസ്മയങ്ങൾ.......................................... 4

5. കേരളത്തിലെ ഔഷധ സസ്യങ്ങൾ ....................................... 5

6. children's rights................................................ 7

7. പ്രശ്നോത്തരി................................................. 9

8. സംസ്കാരത്തിൻറെ ശേഷിപ്പുകൾ.......................................... 10

9. സ്റ്റീഫൻ ഹോക്കിംഗ്............................................... 12

10. ഫ്രീ കിക്ക്....................................................... 13

11. ബ്രോഡ്ബാൻഡ്.......................................... 14

12. പച്ചത്തുള്ളൻ............................................................ 15

13. ഇടുക്കി അണക്കെട്ട്................................................ 17

14. സോഷ്യൽ മീഡിയ...................................................... 20

15. കേരളീയ കലകൾ...................................................... 2 2

16. എൻറെ നാട് എൻറെ സ്വർഗ്ഗം......................................................... 28

17. tourist places in Idukki.......................................................29

18 ഹൃദയരഹസ്യങ്ങൾ...........31

19.Software logo.......33

20. മഹത് വചനങ്ങൾ.....34

21.കടംകഥകൾ.....36

22. എന്റെ കുട്ടിക്കാലം.........38

23.നന്ദി

# ആശംസ

വിദ്യാർത്ഥികളുടെ സാഹിത്യശാസത്രഅഭിരുചികളെ പ്രോത്സാഹിപ്പിക്കുന്ന വൈവിധ്യമാർന്നവിഷയങ്ങൾ ഉൾക്കോള്ളിച്ചും പുറത്തിറങ്ങിയ ലിറ്റിൽ ടെക്ക് ഒരുവിജയമാണെന്നതിൽ സംശയമില്ലസാങ്കേതിക വിദ്യാഭ്യസ രംഗത്ത് മികവുപുലർത്തുന്ന വിദ്യാഭ്യാസത്തിൻെറ പ്രതിഫലനം കൂടിയാണ് എല്ലാവർക്കും നൻമകൾ നേരുന്നതോടൊപ്പം ലിറ്റിൽ ടെക്കിന്റെ അണിയറ പ്രവർത്തകർക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവ്വം

ഹെഡ്മിസ്ട്രസ്

# എഡിറ്റോറിയൽ

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവര സാങ്കേതിക വിദ്യയുടെ യുഗത്തിലാണ് നാം ജീവിക്കുന്നത് ലോകമെമ്പാടും സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് നമുക്കും സഞ്ചരിക്കാൻ ആവണം. ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് തയാറാക്കിയ ഈ മാഗസിൻ വിദ്യാർഥികളുടെ സർഗ്ഗവാസനകളെ സാങ്കേതികയുടെ തലങ്ങളിലേക്ക് ഉയർത്തുന്നു.

കണ്ടും കേട്ടും ചെയ്തും ആർജിക്കുന്ന അറിവുകൾ പ്രയോഗതലത്തിലേക്ക് എത്തുന്നതിന്റെ പ്രതിഫലനം ഓരോ രചനകളിലും കാണാനാവും നിറച്ചാർത്തുകൾ നൽകി മനോഹരമാക്കിയ താളുകളിൽ വിദ്യാർഥികളുടെ ഹൃദയത്തുടിപ്പുകൾ ആണ് നമുക്ക് കാണാനാവുക. കമ്പ്യൂട്ടർ സ്ക്രീനിൽ മിന്നിത്തെളിയുന്ന അക്ഷരങ്ങളും ചിത്രങ്ങളും സ്വരുക്കൂട്ടിയ മാഗസിൻ ഇത്തരം പ്രവർത്തനങ്ങൾക്ക് ഒരു വഴികാട്ടിയാവട്ടെ പ്രളയം തകർത്തെറിഞ്ഞ മനസ്സുകളിൽ നിശ്ചയദാർഢ്യത്തിന്റെ പുതിയ ലോകം തീർക്കാൻ സഹായകമാകട്ടെ

# മഴകൊണ്ടുപോയഎന്റെവീടുംനാടും


കഴിഞ്ഞുപോയ വെറും നാളുകൾക്കിടയിൽ മാത്രം നമുക്ക് സംഭവിച്ചതെന്താണ്. നമുക്കിടയിൽ കുറേ മാറ്റങ്ങൾ സംഭവിച്ചു. അതിലൊന്നാണ് പ്രളയം നമ്മെ നേരിട്ട് കടന്നുപോയതഭൂമി എന്നത് ഒരു ഗോളം മാത്രമാണ് അതിൽ വളരെ നേർത്ത ഒരു ഭാഗമാണ് നമ്മുടെ കേരളം. കേരളത്തിന് എന്തുപറ്റിയെന്ന് അറിയില്ല പക്ഷേ പാവപ്പെട്ട ജനങ്ങൾ, പട്ടിണിപ്പാവങ്ങൾ, ദരിദ്രർ എല്ലാവരും പ്രളയത്തെ നേരിട്ട് അവയോട് മത്സരിച്ച അവരാണ്. വളരെ പ്രയാസത്ത ജീവിച്ച കുറേ ജനങ്ങൾ. സർവ്വതും നഷ്ടപ്പെട്ട ദരിദ്രനായി തീർന്ന കുറേ മനുഷ്യർ. പെട്ടെന്ന് ഒരിക്കൽ സമ്പന്നരായവർ പ്രണയത്തോട് കൂടെ ദരിദ്രരായി തീർന്നു പാവപ്പെട്ടവർ വീണ്ടും താഴ്ച്ചയിലേക്ക് ആനയിക്കപ്പെടുന്നു.

മനുഷ്യമനസ്സിനെ അനീതിയും അക്രമവും മൂലമാണ് മഴക്കെടുതി വന്ന പ്രാപിച്ചത് പ്രകൃതിയെ ദ്രോഹിച്ച അതിനാലാണ് മഴക്കെടുതി വന്നുഭവിച്ചത്. പ്രകൃതിയിൽ വന്ന മാറ്റങ്ങൾ പ്രകൃതിയെ നിശ്ചലമാക്കി കഴിഞ്ഞിരിക്കുന്നു. മനുഷ്യൻ എന്നത് പ്രകൃതിയെ സംബന്ധിച്ചിടത്തോളം ഒരു ചെറിയ മണ്തരി മാത്രമാണ്. ആ മൺതരിയായി ജീവിക്കുന്ന മനുഷ്യന് പ്രകൃതിയെ മല്ലിട്ട് ജീവിക്കാൻ ഒരിക്കലും ആവില്ല. ഈ നീണ്ടുനിന്ന മഴക്കെടുതിയിൽ എത്ര ജീവനുകൾ മരണം അടഞ്ഞുപോയി. സകലതും നഷ്ടപ്പെട്ട് എന്തുചെയ്യണമെന്നറിയാതെ എത്രയോ പേർ ഇപ്പോഴും നിലനിൽക്കുന്നു. അവരുടെ കഷ്ടതയിൽ ഒരിറ്റു കണ്ണുനീർ പോലും തുകാൻ ഇല്ലാതെ വ്യാകുലപ്പെടുന്ന കുറേ മനസ്സുകൾ. ക്ഷണിച്ച് വരുത്താത്ത ഒന്നാണ് പ്രളയം. അപ്രതീക്ഷിതമായി അതു മനുഷ്യ മനസ്സുകളിൽ കയറിക്കൂടി.

വളരെ കുറച്ചു ദിവസം നീണ്ടു നിന്നെങ്കിലും ആ നാളുകൾക്കിടയിൽ ജനങ്ങളെ കഷ്ടതയിൽ താഴ്ത്തിക്കളഞ്ഞു. അന്ധകാരത്തിൽ ആയ കേരളത്തിലെ ജനങ്ങൾക്കിടയിലേക്ക് പ്രളയത്തിനുശേഷം സർവ്വതും നഷ്ടപ്പെട്ടവർക്ക് വേണ്ടിയും പ്രളയത്തിൽ മരിച്ചവരുടെ കുടുംബത്തിന് ഒരാശ്വാസമായി സാധനങ്ങളും സേവനങ്ങളും നൽകി സന്തോഷിപ്പിച്ച കുറേ നന്മനിറഞ്ഞ മനസ്സുകൾ. അവരുടെ നല്ല മനസ്സിനും അവരുടെ കൈ തണലുമാണ് പാവപ്പെട്ട മനുഷ്യർ പുനർജീവിച്ച് വരുന്നത്. കേരളത്തിന് സംഭവിച്ച ഈ മാറ്റത്തിൽ ഗവൺമെൻറ് മുന്നോട്ടിറങ്ങി. പുനർ നിർമ്മാണത്തിന് വേണ്ടി ഗവൺമെൻറ് പലരുമായി സമീപിച്ച കേരളത്തിനുവേണ്ടി പണം കണ്ടെത്തുകയാണ്. അതിനിടയിൽ സകലതും നഷ്ടപ്പെട്ടവരെയും പാവപ്പെട്ടവരെയും കണ്ടെത്തി അവർക്ക് വേണ്ടതെല്ലാം എത്തിച്ചുനൽകുന്ന നന്മനിറഞ്ഞ സഹപാഠികളാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ഇവരുടെ നന്മ നിറഞ്ഞ മനസ്സാണ് ഇപ്പോഴും പാവപ്പെട്ട ജനങ്ങൾ നല്ലരീതിയിൽ ജീവിച്ചു പോകുന്നത്.

മഴക്കെടുതിയിൽ സർവ്വതും നഷ്ടപ്പെട്ടപ്പോഴും ചിലരുടെ സ്ഥലങ്ങളിൽ വെള്ളം കയറിയപ്പോഴും എന്ത് ചെയ്യും ഇനി എങ്ങനെ മുൻപോട്ട് ജീവിക്കുമെന്ന് ആലോചിച്ചപ്പോൾ കഷ്ടതയിൽ നടന്നപ്പോഴും എന്തുചെയ്യണമെന്ന് അറിയാതെ നിന്നപ്പോഴും കുറേപ്പേർ അവരുടെ കഷ്ടതകളിൽ എന്നപോലെ തങ്ങളുടെ കഷ്ടതകളിലും പങ്കുചേർന്നു. അതുതന്നെയാണ് മറ്റെന്തിനേക്കാളും പാവപ്പെട്ട ജനങ്ങൾക്ക് ഏറ്റവുംവലിയ സന്തോഷം ആയത്. കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കാനും അവരുടെ കഷ്ടതകളിൽ പങ്കുചേരുകയും ചെയ്യുന്നതാണ് പാവപ്പെട്ടവരുടെ ഏറ്റവുംവലിയ ആത്മവിശ്വാസവും സന്തോഷവും. നമ്മുടെ ബന്ധുക്കളെ പോലെ നിന്ന് സഹകരിച്ചവർ ഏറെയാണ്. യാതൊരു പരിചയവും ഇല്ലാതിരുന്നിട്ടും പരിചയമുള്ളവരെ പോലെ പെരുമാറുകയും ഞങ്ങൾക്ക് വേണ്ടി സാധനങ്ങളും സേവനങ്ങളും നൽകുകയും ഞങ്ങളെ ദുരിതത്തിൽ ആക്കാതെ കഷ്ടതയിൽ നിന്ന് ജനങ്ങളെ ഇപ്പോഴും സഹായിക്കുന്നുണ്ട്. ഒരു പരിചയവും ഇല്ലാതിരുന്നിട്ടും പിന്നോക്കം നിൽക്കാതെ മാറിനിൽക്കാതെ കഷ്ടതയിൽ നിന്ന് സംരക്ഷിക്കുന്ന കുറേ നന്മനിറഞ്ഞ മനസ്സുകളാണ് ഇപ്പോൾ നാം നന്ദി പറയേണ്ടത്.

# രാത്രി വിസ്മയം



# കേരളത്തിലെ ഔഷധസസ്യങ്ങൾ

## 1. കറുക



ഒരിനം ദുർബല പുൽ ചെടിയാണ് കറുക. ദശ പുഷ്പങ്ങളിലെ ഒരു ഘടകമായ ഇതിൻറെ ശാസ്ത്രനാമം സൈനോഡോൺ ഡാക്ടൈലോൺ എന്നതാണ്.

കഫപിത്തരോഗങ്ങൾ, വിസർപ്പ രോഗങ്ങൾ, ചുട്ടുനീറൽ, ത്വക്ക് രോഗങ്ങൾ എന്നിവയ്ക്കുള്ള ഔഷധമായി ഉപയോഗിക്കുന്നു

## 2. തിപ്പലി



കുരുമുളക് ചെടിയോട് സാദൃശ്യമുള്ള കുറ്റിച്ചെടി. ഇതിൻറെ ശാസ്ത്രനാമം പെപ്പർ ലോങ്ങം എന്നാണ് വാതം, കഫം എന്നിവ ശമിപ്പിക്കുന്നതിനും ദഹന ശക്തി വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. ഹീമോഗ്ലോബിനും ശ്വേതരക്താണുക്കളും വർധിപ്പിക്കുന്നതിന് സഹായിക്കുന്നു

## 3. അയമോദകം

ഒരടി വരെ ഉയരത്തിൽ വളരുന്ന ചെറു സസ്യം. ട്രാക്കിസ് പെർമം അമ്മി എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്നു. ഇതിൻറെ വിത്ത് നന്നേ ചെറുതും സുഗന്ധമുള്ളതും ആണ്. കഫ, വാത രോഗങ്ങൾ ശമിപ്പിക്കുന്നു. വിത്തിന് അണുനാശക ശക്തിയുണ്ട് വയറുവേദന, ദഹനക്കുറവ് എന്നിവ ശമിപ്പിക്കുന്നു



## 4. കറ്റാർവാഴ



ഈ ചെടിയുടെ ഇലകൾ കട്ടിയുള്ളതും മാംസളവും 5-8 സെ.മീ വീതി ഉള്ളവയുമാണ് ഇലകളുടെ അടിവശം ഉരുണ്ടതും അരികുകൾ ചെറുമുള്ളുകളോട് കൂടിയവയും ആണ്. തലമുടി നന്നായി വളരുവാൻ

കറ്റാർവാഴ പോള നീർ ചേർന്ന എണ്ണ ഉപയോഗിക്കുന്നു. കറ്റാർവാഴയുടെ ജെൽ ചർമ്മത്തിന്റെ യൗവ്വനം നിലനിർത്തുന്നതിന് സഹായിക്കുന്നു

## 5. പനിക്കൂർക്ക

പനിക്കൂർക്ക തുളസി വർഗത്തിൽ പെട്ട സുഗന്ധിയും ബഹുവർഷ ഔഷധമാണ് വെയ്പ്പോൾ ഇല തണ്ട് എന്നീ ഭാഗങ്ങൾ ഔഷധയോഗ്യമാണ് ചുമ, ജലദോഷം, വയറുകടി എന്നിവ ശമിപ്പിക്കുന്നു മലബന്ധത്തെ മാറ്റുന്നു



## 6. തഴുതാമ

നിലത്ത് പടരുന്ന ഈ ചെടിയുടെ തണ്ടിന് പർപ്പിൾ നിറമാണ്. ഓരോ ഉപ ശാഖയിലും വ്യത്യസ്ത



വലിപ്പത്തിലുള്ള രണ്ടോ മൂന്നോ ഇലകൾ കാണുന്നു. രക്തശുദ്ധി ചെയ്യാൻ, മൂത്ര വിസർജ്ജനം ത്വരിതപ്പെടുത്തൽ വയറുവേദന എന്നിവയ്ക്ക് നല്ലതാണ് വാദത്തെ ശമിപ്പിക്കുന്നു. നീരിന് വിശേഷപ്പെട്ട ഔഷധമാണ്

## 7. ആര്യവേപ്പ്



12 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഇടത്തരം വൃക്ഷമാണ് ആര്യവേപ്പ്. ഇതിൻറെ ഇലകൾക്ക് കയ്പ്പ്പുരസമാണ്. രക്തശുദ്ധി ഉണ്ടാക്കുന്നു ചർമ്മരോഗങ്ങൾക്ക് നല്ലതാണ് കഫം, പിത്തം കുറയ്ക്കുന്നു കണ്ണിന് നല്ലതാണ് വിഷ ശമനമാണ് പ്രമേഹത്തിന് നല്ല ഔഷധമാണ്

## 8. കയ്യോന്നി



കോശ വർധക ഔഷധിയായ ഒരു ഏകവർഷി ചെടിയാണ് കയ്യോന്നി. ഈർപ്പമുള്ള സമതലപ്രദേശങ്ങളി ലും വയൽ വരമ്പുകളിലും സുലഭമായി കാണപ്പെടുന്നു. മുടി വളരുവാൻ സഹായിക്കുന്നു, കാഴ്ച്ചശക്തി വർധിപ്പിക്കുന്നു സമൂലകഷായം നല്ല കരൾ ടോണി കാക്കുന്നു

# CHILDREN'S RIGHTS



**Dear children**

**Wouldn't you like to know about your rights? Awareness about your rights will inspires and motivate you to ensure your protection and participation, thereby making social justice a reality. You may know that a commission for child rights is functioning in our state called the Kerala State Commission for Protection of Child Rights.**

**Let's see what our rights are:**

- **Right to freedom of speech and expression.**
- **Right to life and liberty.**
- **Right to maximum survival and development.**
- **Right to be respected and accepted regardless of caste, creed and colour.**

- Right to protection and care against physical, mental and sexual abuse.
- Right to participation.
- protection from child labour and hazardous work.
- protection against child marriage.
- Right to know one's culture and live accordingly.
- Protection against neglect.
- Right to free and compulsory education.
- Right to learn, rest and leisure.
- Right to parental and societal care, and protection.

## Major responsibilities

- Protect school and public facilities
- Observe punctuality in learning and activities of the school.
- Accept and respect school authorities, teachers, parents and fellow students.
- .readiness to accept and respect others regardless of caste ,creed or colour.

# പ്രശ്നോത്തരി

1 ജാമിതിയുടെ പിതാവ് എന്നറിയപ്പെടുന്നതാര്?
യൂക്ലിഡ്

2 ബൈബിൾ ഓഫ് മാത്തമാറ്റിക്സ് എന്നറിയപ്പെടുന്ന പുസ്തകം?
ദി ഇലമെൻറ്സ്

3 ഇന്ത്യ സന്ദർശിച്ച പുരാതന ഗണിത ശാസ്ത്രജ്ഞൻ?
പൈതഗോറസ്

4 ഒരു ചെസ്സ് ബോർഡിൽ എത്ര കളങ്ങളുണ്ട്?
64

5 father of logic എന്നറിയപ്പെടുന്നതാര്?
അരിസ്റ്റോട്ടിൽ

6 ഇപ്പോഴത്തെ ഇന്ത്യൻ പ്രസിഡൻറ്?
രാംനാഥ് ഗോവിന്ദ്

7 ആദ്യത്തെ ഇന്ത്യൻ പ്രധാനമന്ത്രി?
ജവഹർലാൽ നെഹ്റു

8 ഇപ്പോഴത്തെ ഹൈക്കോടതി ചീഫ് ജസ്റ്റിസ്?
ഋഷികേശ് റോയി

9 ഭാഷ അടിസ്ഥാനത്തിൽ രൂപം കൊണ്ട ആദ്യ സംസ്ഥാനം?
ആന്ധ്രപ്രദേശ്

10 ക്രിയ ചെയ്യാൻ ഉപയോഗിച്ചിരുന്ന അതിപുരാതനമായ ഉപകരണം?
അബാക്കസ്

11 ഹരിതകത്തിൽ അടങ്ങിയിട്ടുള്ള ലോഹമേത്?
മഗ്നീഷ്യം

12 കൈക്കൂലിക്കാരെ കുടുക്കാൻ നോട്ടുകളിൽ പുരട്ടുന്ന രാസവസ്തു ഏത്?
ഫിനോഫ്തലിൻ

13 മുളകിന് എരിവ് നൽകുന്ന രാസവസ്തു ഏത്?
കാപ് സൈസിൻ

14 താറാവിൻെറ മുട്ട വിരിയാൻ എത്ര ദിവസം വേണം?
28 ദിവസം

15 തലയിൽ ഹൃദയമുള്ള ജീവി?
ചെമ്മീൻ

16. മലയാള ഭാഷയുടെ മാതാവ്
തമിഴ

17 കേരള കലാമണ്ഡലത്തിന്റെ ആസ്ഥാനം
ചെറുതുരുത്തി

18 ആദികാവ്യം എന്നറിയപെടുന്നത് ഏത്?
രാമായണം

19 മലയാളം ഏത് ഭാഷ ഗോത്രത്തിൽ പെടുന്നു
ദ്രാവിഡ ഗോത്രം

20 ആടുജീവിതം ആരുടെ കൃതിയാണ്
ബെന്യാമിൻ

# സംസ്കാരത്തിന്റെ ശേഷിപ്പുകൾ

| | |
|---|---|
| ചിരട്ട തേപ്പുപെട്ടി |  |
| അരകല്ല് |  |
| ഉരൽ |  |
| ചിരട്ട തവി |  |

| | |
|---|---|
| പറ |  |
| മണ്ണെണ്ണ വിളക്ക് |  |
| റാന്തൽ വിളക്ക് |  |
| മൺപാത്രങ്ങൾ |   |

# സ്റ്റീഫൻ ഹോക്കിങ്

യു.കെയിലെ ഓക്സ്ഫഡിൽ ഫ്രാങ് ഹോക്കിങ്ങിന്റെയും ഇസബെലിന്റെയും മകനായി 1942 ജനവരി എട്ടിനായിരുന്നു ജനനം. ഓക്സ്ഫഡ് സർവകലാശാലയിൽ ബിരുദ പഠനത്തിനു ശേഷം കേംബ്രിജിൽ ഗവേഷണത്തിനുള്ള ഒരുക്കങ്ങൾക്കിടയിൽ 1962 ലാണ് അമയോട്രോപ്പിക് ലാറ്ററൽ സ്ലീറോസിസ് എന്ന അസുഖം ബാധിച്ചതായി കണ്ടെത്തിയത്. രണ്ടുവർഷത്തെ ആയുസ്സ് മാത്രമാണ് ഡോക്ടർമാർ വിധിച്ചിരുന്നതെങ്കിലും ഏഴുപത്തിയാറു വയസ്സുവരെ ജീവിച്ചു.



എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം (സമയത്തിന്റെ സംക്ഷിപ്ത ചരിത്രം)' എന്ന ഗ്രന്ഥത്തിലൂടെ ലോകപ്രശസ്തനായി. തമോഗർത്തങ്ങളെക്കുറിച്ചുള്ള പഠനങ്ങളിലൂടെ ശ്രദ്ധേയനായി. 'തിയറി ഓഫ് എവരിതിങ്' എന്ന പേരിൽ പ്രപഞ്ച ഉൽപത്തിയെ സംബന്ധിച്ച സമഗ്രമായ സിദ്ധാന്തവും അദ്ദേഹം ആവിഷ്കരിച്ചു. ആൽബർട്ട് ഐൻസ്റ്റീനു ശേഷം ലോകത്തു ജീവിച്ചിരിക്കുന്ന ഏറ്റവും പ്രഗൽഭമായ മസ്തിഷ്കത്തിന്റെ ഉടമയെന്ന പേരിനും സ്റ്റീഫൻ ഹോക്കിങ് അർഹനായി.

The Universe in a Nutshell, മകൾ ലൂസിയുമായി ചേർന്നു കുട്ടികൾക്കായി അദ്ദേഹം എഴുതിയ 'George's Secret , ദ് ഗ്രാൻഡ് ഡിസൈൻ, ബ്ലാക്ക് ഹോൾസ് ആൻഡ് ബേബി യൂണിവേഴ്സ്, ഗോഡ് ക്രിയേറ്റഡ് ദ് ഇന്റിജേഴ്സ്, മൈ ബ്രീഫ് ഹിസ്റ്ററി തുടങ്ങിയവയും വായിച്ചിരിക്കേണ്ടതാണ്. ജി.എഫ്.ആർ.എല്ലിസുമായി ചേർന്ന് എഴുതിയ 'സ്കെയിൽ സ്ട്രക്ചർ ഓഫ് സ്പേസ് ടൈം', ഡബ്ല്യു.ഇസ്രയേലിനൊപ്പം എഴുതിയ 'ജനറൽ റിലേറ്റിവിറ്റി' എന്നിവയാണു മറ്റു പ്രധാന രചനകൾ.

സ്റ്റീഫൻ ഹോക്കിങ് എന്നു കേട്ടാൽ മനസ്സിൽ തെളിയുന്ന ആ ചക്രക്കസേര ശാസ്ത്രപ്രതിഭയുടെ ഓർമകളുമായി മുന്നോട്. കഴിഞ്ഞ 14 ന് 76–ാം വയസ്സിൽ അന്തരിച്ച ഹോക്കിങ്ങിന്റെ സന്തതസഹചാരിയായിരുന്ന ഹൈടെക് ചക്രക്കസേര ലണ്ടനിലെ സയൻസ് മ്യൂസിയത്തിലെ പ്രത്യേക പ്രദർശനത്തിന്റെ മുഖ്യ ആകർഷണമാകും.

# ഒരു ഫ്രീകിക്കിൽ പന്തിന്റെ ഗതി

ഒരു ഫുട്ബോൾ കളിയിലെ ഏറ്റവും കൗതുകകരമായ കാഴ്ചകളിൽ ഒന്നാണ് ഫ്രീ കിക്ക്. കളിക്കാരന്റെ ചവിട്ട് കൊണ്ട് നേരേ തെറിക്കുന്ന പന്ത് പ്രതീക്ഷയ്ക്ക് വിരുദ്ധമായി വളഞ്ഞുപോയി ഗോൾ പോസ്റ്റിലേയ്ക്ക് കയറുന്ന ട്രിക്കാണത്. പന്തിന്റെ സഞ്ചാരപാതയ്ക്ക് വരുന്ന നാടകീയമായ ആ വളവ് എങ്ങനെ സംഭവിക്കുന്നു എന്ന് ആലോചിച്ചിട്ടുണ്ടോ? സംഗതി സിമ്പിളാണ്. മാഗ്നസ് പ്രഭാവം എന്നൊരു സംഗതിയാണ് അവിടെ പ്രവർത്തിക്കുന്നത്.



രണ്ട് ഘടകങ്ങളാണ് ഫ്രീ കിക്ക് സാധ്യമാക്കുന്നത് –

1. പന്തിന്റെ കറക്കം (സ്പിൻ)
2. വായുവിന്റെ സാന്നിദ്ധ്യം.

അതായത് കറങ്ങാതെ തെറിയ്ക്കുന്ന പന്തിലോ, വായുവില്ലാത്ത സ്ഥലത്തുകൂടെ തെറിക്കുന്ന പന്തിലോ മാഗ്നസ് പ്രഭാവം പ്രവർത്തിക്കില്ല.

വായു ഫുട്ബോൾ ഗ്രൗണ്ടിൽ സൗജന്യമായി ലഭ്യമായതിനാൽ അതിന് നമ്മളായിട്ട് ഒന്നും ചെയ്യേണ്ടതില്ല. പക്ഷേ പന്തിനെ കറക്കുന്നത് കളിക്കാരന്റെ മിടുക്കാണ്.

# ബ്രോഡ്ബാൻഡ് സാങ്കേതികവിദ്യയും ഡാറ്റാ വിനിമയവും


ബ്രോഡ്ബാൻഡ് എന്ന പദത്തിനോടൊപ്പം ചേർന്ന് നില്ക്കുന്ന ഒരു പദമാണ് നാരോബാൻഡ് അഥവാ കുറഞ്ഞ വേഗത്തിൽ വിവരങ്ങൾ കൈമാറാനുള്ള സംവിധാനം. ടെലിഫോണിലെ സംഭാഷണങ്ങൾ വിനിമയം ചെയ്യുന്നതും ടെലിവിഷന്റെ ഭൂതല സംപ്രേക്ഷണവുമെല്ലാം നാരോബാൻഡ് സംവിധാനങ്ങളാണ്. എന്നാൽ ഇന്റർനെറ്റിന്റെ വ്യാപനത്തോടെ ഈ പദങ്ങൾ ഇന്റർനെറ്റിൽ വിവരങ്ങൾ കൈമാറുന്നതുമായി ബന്ധപ്പെട്ട പദങ്ങളായി രൂപാന്തരപ്പെട്ടു. മാത്രമല്ല നാരോബാൻഡ് സംവിധാനം ഉപയോഗപ്രദമല്ല എന്നതിനാൽ നാരോബാൻഡ് എന്ന പദവും നാം ഉപേക്ഷിച്ചു.

## നാരോബാൻഡ് സംവിധാനങ്ങൾ


1990 കളുടെ തുടക്കത്തിലാണ് ഇന്ത്യയിൽ ഇന്റർനെറ്റ് സർവീസുകൾ പ്രചരിച്ച് തുടങ്ങുന്നത്. അന്ന് ലാൻഡ് ലൈൻ ടെലിഫോൺ ലൈനിലൂടെ വളരെ കുറച്ച് ഡാറ്റ മാത്രമേ വിനിമയം ചെയ്തിരുന്നുള്ളൂ. 56kbps ആയിരുന്നു അക്കാലത്തെ ഡാറ്റാ വിനിമയ നിരക്ക്. ഇന്റർനെറ്റിൽ ഇന്നത്തെപോലെവ്യാപകമായി ചിത്രങ്ങളും വീഡിയോകളും സൂക്ഷിച്ച് വെക്കുകയോ കൈമാറ്റംചെയ്യുകയോ ഉണ്ടായിരുന്നില്ല. അതുകൊണ്ട് കുറഞ്ഞ വേഗസ്വീകാര്യമായിരുന്നു. ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായ രീതിയിലാണ്അന്ന് ഇന്റർനെറ്റ് കണക്ട് ചെയ്തിരുന്നത്. കമ്പ്യൂട്ടർ ഒരു മോഡത്തിന്റെ സഹായത്തോടെ മുൻകൂട്ടി നിശ്ചയിച്ച നമ്പറിലേക്ക് ഡയൽചെയ്ത് ഒരു സെർവറുമായി ബന്ധപ്പെടുന്നു. തുടർന്ന് ഡാറ്റാ വിനിമയംനടക്കുന്നു. അക്കാരണത്താൽ ഇന്റർനെറ്റ് ഉപയോഗിക്കുന്ന സമയത്തിന് അന്ന്ഡാറ്റ വിനിയത്തിനുള്ള ചാർജിന് പുറമെ ഇന്റർനെറ്റ് ഉപയോഗിച്ച സമയത്തെടെലിഫോൺ ചാർജ്ജും നല്കേണ്ടിയിരുന്നു. ഈ സംവിധാനത്തിനെ ഡയൽ അപ്ഇന്റർനെറ്റ് സേവനം ( Dial Up Internet Service) എന്ന് വിളിക്കുന്നു.

# മടിയനായ പച്ചത്തുള്ളൻ


ആഘോഷങ്ങളൊക്കെ  ഏതാണ്ട് അവസാനിച്ച മട്ടിലാണ്.എല്ലാവരും മഴക്കാലത്തെവരവേൽക്കാനുള്ള  തിരക്കിലാണ്.എന്നാൽ പച്ചത്തുള്ളൻ മാത്രം പാട്ടും പാടി നൃത്തം ചെയ്ത് നടക്കുകയാണ്.അങ്ങനെ പോവുന്ന വഴി പച്ചത്തുള്ളൻ അമ്മക്കുരുവിയെ കണ്ടു മുട്ടി .



കുരുവി കുരുവി നീ എന്റെ കൂടേ പാട്ടുപാടാനും
നൃത്തം ചെയ്യാനും വരുന്നോ?




എപ്പോഴും പാട്ടും പാടി നൃത്തം ചെയ്യും
നടന്നാൽ മതിയോ? മഴക്കാലമാവരുന്നത്
കൂട് ശരിയാക്കണം.



അതൊക്കെ അപ്പോളല്ലേ
നീ വരുന്നുണ്ടെങ്കിൽ  വാ.

അങ്ങനെ പച്ചത്തുള്ളൻ പാട്ടും പാടി പറന്നുപോയി.

*കുറച്ചു കഴിഞ്ഞ് മുയലിനെ കണ്ടപ്പോൾ പച്ചത്തുള്ളൻ ചോദിച്ചു*




*മുയലേ നീ എൻെറ കൂടെ*
*കളിക്കാൻ വരുന്നുണ്ടോ*




*ഇല്ല .മഴക്കാലമല്ലേ വരുന്നത്*
*വിറകൊക്കെ ശേഖരിക്കണം*

*പിന്നെയും പച്ചത്തുള്ളൻ അവിടെനിന്നും നൃത്തം ചെയ്ത് പോയികുറച്ചെത്തിയപ്പോൾ കുഞ്ഞനുറുമ്പിനെ കണ്ടുമുട്ടി.*




*കുഞ്ഞനുറുമ്പേ*
*നീ വരുന്നുണ്ടോഎൻെറ*
*കൂടെ കളിക്കാൻ .*

*ഇല്ല മഴക്കാലമാ വരുന്നത് വീട് ശരിയാക്കണം,*
*ഭക്ഷണംശേഖരിക്കണംഒരുപാട് പണിയുണ്ട്.*



*പച്ചത്തള്ളൻ പാട്ടും പാടി പറന്നുപോയി.*

*മഴക്കാലമായി എല്ലാ മൃഗങ്ങളും അവരവരുടെ വീട്ടുകളിൽ*
*സുഖമായി കഴിയുകയാണ്*
*പച്ചത്തുള്ളൻ എല്ലാവരുടെ അടുത്തും സഹായമന്വേഷിച്ചു*



എന്നേ ആരെങ്കിലും സഹായിക്കുമോ









പച്ചത്തുള്ളൻ എല്ലാവരുടെ അടുത്തും സഹായമന്വോഷിച്ച ചെന്നെങ്കിലും ആരും

അവനെ തിരിഞ്ഞു നോക്കിയില്ല. അവസാനം പച്ചത്തുള്ളൻ തണുത്തുവിറച്ച്

ഇലപ്പടർപ്പുകളിലേക്ക മടങ്ങി.



# ഇടുക്കി അണക്കെട്ട്



**കേരള**ത്തിലെ **ഇടുക്കി  വാഴത്തോപ്പ് ഗ്രാമപഞ്ചാത്തിലെ ചെറുതോണി**യിൽ **പെരിയാറിനു കുറുകെ** നിർമിച്ചിട്ടുള്ള **അണക്കെട്ടാണ് ഇടുക്കി അണക്കെട്ട് (ഇടുക്കി ആർച് ഡാം).** വൈദ്യുതോല്പാദനമാണ് അണക്കെട്ടിന്റെ ഉദ്ദേശ്യം. ഏഷ്യയിലെ ആദ്യത്തെ കമാന അണക്കെട്ടാണിത് . 1976 ഫെബ്രുവരി 12 ന് അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഉദ്ഘാടനം ചെയ്തു. 839 മീറ്റർ ഉയരമുള്ള കുറവൻ മലയെയും, 925 മീറ്റർ ഉയരമുള്ള കുറത്തിമലയെയും കൂട്ടിയിണക്കി 555 അടി ഉയരത്തിൽ പെരിയാറിന് കുറുകെയാണ് അണക്കെട്ട് നിർമ്മിച്ചിരിക്കുന്നത്. 60 ചതുരശ്ര കിലോമീറ്റർ വ്യാപിച്ച് കിടക്കുന്ന ജലസംഭരണിയാണ് ഡാമിനുള്ളത്. പരമാവധി സംഭരണ ശേഷി 74.5 ദശലക്ഷം ഘനയടിയാണെങ്കിലും 70.5 ടി എം സി വരെയാണ് സംഭരിക്കാറുള്ളത്. 780 മെഗാവാട്ട് ഉല്പാദന ശേഷിയുള്ള പദ്ധതിയുടെ ഊർജ്ജോല്പാദനകേന്ദ്രം മൂലമറ്റത്താണ്. നടുകാണി മലയുടെ മുകളിൽനിന്ന് 750 മീറ്റർ അടിയിലുള്ള മൂലമറ്റ പവർ ഹൗസ്  (ഭൂഗർഭ വൈദ്യുതനിലയം) ഇന്ത്യയിലെ ഏറ്റവും വലുതുമാണ്.ഈ ഡാമിനോടനുബന്ധിച്ചുള്ള മേഖല ഇടുക്കി വന്യജീവി സംരക്ഷണകേന്ദ്രംഎന്നറിയപ്പെടുന്നു.

# നിർമ്മാണ വികസനം

ആദ്യഘട്ടത്തിൽ 15000 തൊഴിലാളികൾ ജോലിചെയ്ത പദ്ധതി നിർമ്മാണത്തിനിടയിൽ 85 പേർ അപകടത്തിലും മറ്റും പെട്ട് മരണമടഞ്ഞു. 1932 ൽ മലങ്കര എസ്റ്റേറ്റ് സൂപ്രണ്ടായിരുന്ന ഡബ്ല്യൂ. ജെ. ജോൺ ഇടുക്കിയിലെ ഘോരവനങ്ങളിൽ നായാട്ടിന് എത്തിയതോടെയാണ് ഇടുക്കിയെ കണ്ടെത്തുന്നത്. നായാട്ടിനിടയിൽ കൊലുമ്പൻ എന്ന ആദിവാസിയെ കണ്ടുമുട്ടി. തുടർന്നുള്ള യാത്രയ്ക്ക് വഴികാട്ടിയായി കൊലുമ്പനെ കൂട്ടി. കൊലുമ്പൻ കുറവൻ കുറത്തി മലയിടുക്ക് കാണിച്ചുകൊടുത്തു. മലകൾക്കിടയിലൂടെ ഒഴുകിയ പെരിയാർ ജോണിനെ ആകർഷിച്ചു. ഇവിടെ അണകെട്ടിയാൽ വൈദ്യുതോല്പാദനത്തിനും ജലസേചനത്തിനും പ്രയോജനപ്പെടുമെന്ന് ജോണിനുതോന്നി. പിന്നീട് ജോൺ എൻജിനിയറായ സഹോദരന്റെ സഹായത്തോടെ അണക്കെട്ടിന്റെ സാധ്യതകളെക്കുറിച്ച് തിരുവിതാംകൂർ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചു.

1937 ൽ ഇറ്റലിക്കാരായ അഞ്ജമോ ഒമേദയോ, ക്ളാന്തയോ മാസലെ എന്ന എൻജിനിയർമാർ അണക്കെട്ട് പണിയുന്നതിന് അനുകൂലമായി പഠനറിപ്പോർട്ട് സമർപ്പിച്ചെങ്കിലും സർക്കാർ തയ്യാറായില്ല. പെരിയാറിനെയും, ചെറുതോണിയെയും ബന്ധിപ്പിച്ച് അണക്കെട്ട് നിർമ്മിക്കാൻ വിവിധ പഠന റിപ്പോർട്ടുകളിൽ ശുപാർശകളുണ്ടായി. കേന്ദ്ര ജലവൈദ്യുത കമ്മിഷനുവേണ്ടിയും സമഗ്രമായ പഠനങ്ങൾ നടത്തിയിരുന്നു. 1961-ൽ ആണ് അണക്കെട്ടിനായി രൂപകല്പന തയ്യാറാക്കിയത്. 1963 ൽ പദ്ധതിക്ക് കേന്ദ്ര ആസൂത്രണ കമ്മിഷന്റെ അംഗീകാരം കിട്ടി. നിർമ്മാണച്ചുമതല സംസ്ഥാന വൈദ്യുതി ബോർഡ് ഏറ്റെടുത്തു. പദ്ധതിയുടെ പ്രധാന അണക്കെട്ട് കുറവൻ മലയേയും, കുറത്തി മലയേയും ബന്ധിപ്പിക്കുന്നു. ഇതുമൂലം പെരിയാറിൽ സംഭരിക്കുന്ന വെള്ളം ചെറുതോണിപ്പുഴയിലൂടെ ഒഴുകി പോകാതിരിക്കാൻ ചെറുതോണിയിലും, ഇതിനടുത്തുള്ള കിളിവള്ളിത്തോട്ടിലൂടെ വെള്ളം നഷ്ടപ്പെടാതിരിക്കാൻ കുളമാവിലും അണക്കെട്ടുകൾ നിർമ്മിച്ചു. ഇടുക്കി ഡാം ഇന്നും വിസ്മയമാണ്. പാറയിടുക്കിന്റെ സാന്നിധ്യവും മർദ്ദവും ശക്തിയുമെല്ലാം താങ്ങാൻ കഴിവുള്ള അണക്കെട്ട് കമാനാകൃതിയിലാണ് നിർമ്മിച്ചത്. കോൺക്രീറ്റ് കൊണ്ടു പണിത ഈ ആർച്ച് ഡാമിനു 168.9 മീറ്റർ ഉയരമുണ്ട്. മുകളിൽ 365.85 മീറ്റർ നീളവും 7.62 മീറ്റർ വീതിയും. അടിയിലെ വീതി 19.81 മീറ്ററാണ്. ഇടുക്കി അണക്കെട്ടിന് ഷട്ടറുകളില്ല എന്നതാണൊരു പ്രത്യേകത.

IS 456-2000 അനുസരിച്ചുള്ള എം - 40 കോൺക്രീറ്റ് മിശ്രിതമാണ് ഇടുക്കി ആർച്ച് ഡാം നിർമ്മാണത്തിൽ ഉപയോഗിച്ചിരിക്കുന്നത്. കോൺക്രീറ്റ് മിശ്രിതം തയ്യാറാക്കുമ്പോഴത്തെ താപനില കുറയ്ക്കുന്നതിനായി ഐസ് ഉപയോഗിച്ചിരുന്നു. രാജ്യത്തെ ഏറ്റവും ശക്തമായ അണക്കെട്ടുകളിലൊന്നായ ഇടുക്കി അണക്കെട്ട് ഭൂകമ്പത്തെ പ്രതിരോധിക്കത്തക്കവിധത്തിൽ പ്രത്യേക ഡിസൈനോടെയാണ് പണികഴിപ്പിച്ചിട്ടുള്ളത്

# സോഷ്യൽ മീഡിയ

## ഫേസ്ബുക്ക്

സ്വകാര്യ ഉടമസ്ഥതയിൽ ഉള്ള ഒരു സോഷ്യൽ നെറ്റ്‌വർക്കിംഗ് വെബ്സൈറ്റാണ് **ഫേസ്ബുക്ക്** .2004 ൽ ആരംഭിച്ച ഫേസ്ബുക്ക് 2015 ആഗസ്റ്റ് വരെയുള്ള കണക്കനുസരിച്ച 118 കോടി ഉപയോക്താക്കളുള്ള സൈറ്റാണ്. ഓരോ ഉപയോക്താവിനും ശരാശരി 130 സുഹൃത്തുക്കൾ വീതമുണ്ട്. ഫേസ്ബുക്കിന്റെ ഉപയോക്താക്കളിൽ 70 ശതമാനവും അമേരിക്കക്ക് പുറത്താണ്.ഹാർവാർഡ് സർവ്വകലാശാല ഹിന്ദി, പഞ്ചാബി, ബംഗാളി, തെലുങ്ക്, തമിഴ്, മലയാളം ഏപ്രിൽ 6 യുവജനപ്രസ്ഥാനംലണ്ടനിലുംവിദ്യാർത്ഥികൾ ആയ **മാർക്ക് സക്കർബർഗും**, , ദസ്റ്റിൻ മോസ്കോവിത്സും, ക്രിസ് ഹ്യൂസും ചേർന്നാണ് ഈ വെബ്സൈറ്റ് ആരംഭിച്ചത്.

ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ധനികരിൽ ഒരാൾ കൂടിയാണ് . ഫേസ്ബുക്കിന്റെ വളർച്ച അമ്പരപ്പിക്കുന്നതായിരുന്നു. ഇന്ന് ഫേസ്ബുക്കിന്റെ ചുവടു പിടിച്ച് ധാരാളം സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ ഉണ്ട്. ഗൂഗിളിന്റെ ഗൂഗിൾ പ്ലസ് ആണ് ഒരു ഉദാഹരണം.എങ്കിലും 2004- ൽ ആരംഭിച്ച ഫേസ് ബുക്ക് തന്നെയാണ് ഇന്ന് ലോകത്തിൽ ഒന്നാമത്.ട്വിറ്റർ ,ലിങ്ക്ഡ്ഇൻ എന്നിവ രണ്ടും മൂന്നും സ്ഥാനത്ത് നിലനിൽകുന്നു.

## വാട്സ്ആപ്പ്

വിവിധ പ്ലാറ്റ്ഫോമുകളിൽ പ്രവർത്തിക്കുന്ന സ്മാർട്ട്ഫോണുകളിൽ ഉപയോഗിക്കാവുന്ന ആശയ വിനിമയ സംവിധാനം ആണ് **വാട്സ്ആപ്**. ഇന്റർനെറ്റ് ബന്ധം ഉപയോഗിച്ചാണ് വാട്സ്ആപ്പ് പ്രവർത്തിക്കുന്നത്. ലേഖനസന്ദേശം കൂടാതെ ഉപയോക്താവിന്റെ ചിത്രങ്ങളും വീഡിയോകളും ശബ്ദ സന്ദേശങ്ങളും അവരുടെ സ്ഥാനമുൾപ്പെടെ അയയ്ക്കാനവും എന്നതാണ് മറ്റൊരു സവിശേഷത. ഗൂഗിൾ ആൻഡ്രോയ്ഡ്, ബ്ലാക്ക്ബെറി, ആപ്പിൾ,എന്നിവയുടെ ഓപ്പറേറ്റിങ്ങ് സിസ്റ്റം, സിംബിയൻ, നൊക്കിയയുടെ ചില ഫോണുകൾ, വിൻഡോസ് ഫോൺ തുടങ്ങിയവയിൽ ഇതു പ്രവർത്തിക്കും. 2009 ൽ അമേരിക്കക്കാരായ ബ്രയാൻ ആക്ടൺ, ജാൻ കൂം (സീ. ഇ. ഓ)(ജന്മദേശം: യുക്രൈൻ)എന്നിവർ ചേർന്നാണ് വാട്സ്ആപ്പ് വികസിപ്പിച്ചത്. ഇവർ യാഹൂവിന്റെ

മുൻ ജോലിക്കാർ ആയിരുന്നു. 55 പേർ ഇന്ന് ഈ കമ്പനിയിൽ ജോലി ചെയ്യുന്നു. 2014 ഫെബ്രുവരി 19 ന ഫേസ്ബുക്ക് നടത്തിയ ഔദ്യോഗിക പ്രഖ്യാപനത്തിനലൂടെ, 1,14,000 കോടി രൂപയ്ക്ക് (യു.എസ് $19 ബില്ല്യൺ) വാട്സ്ആപ്പിനെ ഏറ്റെടുത്തതായി അറിയിച്ചു.


## ട്വിറ്റർ

**ട്വിറ്റർ** (Twitter) എന്നത് അതിന്റെ ഉപയോക്താക്കൾക്ക് സൗജന്യമായി *ട്വീറ്റ്സ്* എന്നു വിളിക്കപ്പെടുന്ന മൊബൈൽ ഹ്രസ്വസന്ദേശങ്ങളുടെയത്ര ചെറിയ വാക്കുകളിലൂടെയുള്ള വിവരം പങ്കുവെയ്ക്കാനുള്ളതും മറ്റു ഉപയോക്താക്കൾ അപ്ഡേറ്റ് ചെയ്ത സന്ദേശങ്ങൾ വായിക്കുന്നതിനും ഉപയോഗിക്കുന്ന ഒരു സോഷ്യൽ നെറ്റ്വർക്കിംഗ് മൈക്രോ ബ്ലോഗിംഗ് വെബ്സൈറ്റ് ആണ്. 2006-ൽ **ജാക്ക് ഡോസേ** ആണ് അമേരിക്കയിലെ സാൻ **ഫ്രാൻസിസ്കോ** ആസ്ഥാനമായി ട്വിറ്റർ എന്ന സംരംഭത്തിന് തുടക്കം കുറിച്ചത്. *നിങ്ങളിപ്പോൾ ചെയ്യുന്നതെന്താണെന്ന് സുഹൃത്തുക്കളെ അറിയിക്കുക* എന്ന ശൈലിയാണ് ട്വിറ്റർ. ഇതിൽ നാം ഉപയോഗിക്കുന്ന 280 അക്ഷരങ്ങൾ ഉള്ള ആശയത്തെ *ട്വീറ്റ്സ്* (*tweets*) എന്ന് വിളിക്കുന്നു.280 അക്ഷരങ്ങളിൽ കൂടുതൽ ഉപയോഗിക്കാൻ പറ്റില്ല എന്നതാണ് ട്വിറ്ററിന്റെ ഏറ്റവും വലിയ പ്രത്യേകത. എസ്.എം.എസ്. ഉപയോഗിച്ചും ട്വിറ്റർ വെബ്സൈറ്റിലേക്ക് സന്ദേശങ്ങൾ അയക്കുന്നതിനു സാധിക്കും.

നമ്മൾ വായിക്കാനാഗ്രഹിക്കുന്നവരെ followers എന്നും നമ്മുടെ അപ്ഡേറ്റ് വായിക്കുന്നവരെ following എന്നും പറയുന്നു. നമ്മൾ എന്തെങ്കിലും അപ്ഡേറ്റ് ചെയ്താൽ അത് നമ്മെ following ചെയ്യുന്ന എല്ലാവരുടെ പ്രൊഫിലിലും ഒരേ സമയം വരുന്നു.ഇന്ന് ട്വിറ്റെർ ലോകത്തിലേക്കും തന്നെ ഏറ്റവും വേഗം വളരുന്ന ഒരു വെബ് സൈറ്റുകളിൽ ഒന്നാണ്. 2015 മെയിലെ കണക്കു പ്രകാരം 50 കോടി ഉപയോഗക്താക്കൾ ഉള്ള ട്വിറ്ററിനു 33.2 കോടി സ്ഥിരം ഉപയോക്താക്കളാണുള്ളത്.

അമേരിക്കൻ ഗായികയായ കാറ്റി പെറിയ്ക്കാണ് ട്വിറ്ററിൽ ഏറ്റവും അധികം ഫോളോവേഴ്സ് ഉള്ളത്. 10 കോടിയിലധികം ഫോളോവേഴ്സാണ് കാറ്റി പെ സാൻ ഫ്രാൻസിസ്കോഎസ്.എം.എസ്. ഉറിയ്ക്കുള്ളത്. ജസ്റ്റിൻ ബീബറും ബാരാക് ഒബാമയും രണ്ടും മൂന്നും സ്ഥാനങ്ങളിൽ. പല സ്ഥാപനങ്ങളും ഇപ്പോൾ ട്വിറ്റെർ സേവനങ്ങൾ ധാരാളമായി ഉപയോഗിക്കുന്നു.

# കേരളീയ കലകൾ

| | |
|---|---|
| മോഹിനിയാട്ടം |  |
| കഥകളി |  |
| ഓട്ടൻതുള്ളൽ |  |

| | |
|---|---|
| തെയ്യം |  |
| പടയണി |  |
| ഒപ്പന |  |

| | |
|---|---|
| മാർഗംകളി |  |
| ദഫ് മുട്ട് |  |
| പരിചമുട്ടുകളി |  |

കൂടിയാട്ടം




ചാക്യാർക്കൂത്ത്



| | |
|---|---|
| ചവിട്ടുനാടകം |  |
| തിരുവാതിര |  |
| കുച്ചിപൊടി |  |

| | |
|---|---|
| തിറ |  |
| കൃഷ്ണനാട്ടം |  |
| കളരി |  |

# എന്റെ നാട് എന്റെ സ്വർഗ്ഗം

പച്ച പരവതാനി വിരിച്ചതുപോലെ ഉള്ള മലനിരകളും മുത്ത് ചിന്നിച്ചിതറി ഒഴുകുന്നത് പോലുള്ള വെള്ളച്ചാട്ടങ്ങളും. പ്രകൃത വാരിവിതറിയ വസന്തം നിറഞ്ഞുനിൽക്കുന്ന പൂന്തോട്ടങ്ങളും. ഇളകിയാടുന്ന മരങ്ങളും. പഴമയുടെ മധുരം തുളുമ്പുന്ന ഉത്സവങ്ങളും ആണ്ടറുതികളും തനിമയാർന്ന ആചാരങ്ങളും നിറഞ്ഞതാണ് എൻറെ കൊച്ചു നാട് ജാതിമത ഭേദമന്യേ ഒരുമയോടെ ജീവിക്കുന്നവരാണ് ഇവിടുത്തെ മനുഷ്യർ. തോടുകളും കുളങ്ങളും ഒക്കെ നിറഞ്ഞ ശാലീന സൗന്ദര്യം ഏറിയ നാടാണിത്. ഈ നാടിൻറെ മറ്റൊരു പ്രത്യേകതയാണ് പാൽക്കുളമേട് കെട്ടിപ്പുണരുന്ന നിലം കാറ്റും പുൽനാമ്പു കളിൽ നിന്ന് ഉതിരുന്ന വൈരകലിൻെറ ശോഭയുള്ള മഞ്ഞു തുള്ളികളും അതിമനോഹരമായ അനുഭവമാണ് അതിരാവിലെയുള്ള കിളികളുടെ മധുര നാദവും ജലാശയത്തിലെ കളകളാരവവും ഒന്നു ചേരുമ്പോൾ അവിടെ ഒരു സംഗീത മധുരം രൂപപ്പെടുന്നു. ഇങ്ങനെയുള്ള പ്രകൃതി രമണീയത നിറഞ്ഞതാണ് എൻറെ നാട് എൻറെ സ്വർഗം.

# Tourist Places in Idukki

## IDUKKI ARCH DAM



Idukki Arch Dam is one of the highest arch dam in Asia and a main tourist place in kerala. It is a double curvature arch dam constructed across periyar river. periyar is the largest river in kerala. Idukki dam have many features like it is situated between kuravanmala and kurathimala. There are many tourist places near idukki arch dam. Idukki is located 121 km away from kottayam district which a small hill town surrounded by a spread of beautiful, wooden valleys and meandering streams


## RAMAKKALMEDU



Ramakkalmedu is a tourist hill station and a hamlet in idukki district. it is said to be one of Asia's largest wind blowing area. As a tourist place the scenic beauty of Ramakkalmedu has attracted thousands of people, including Hollywood actor Leonardo Dicaprio. Dicaprio has reportedly said about this place that "If there is a paradise on earth, it is here".

It is a unique historic place having a great attraction that is a monument of Kuravan and Kurathi Statue is present, which depicts the Sangam Period and Sangam landscape of Kerala and Tamil Nadu. It provides provides a panoramic view of Tamilnadu villages and towns.Rolling green hills and the fresh mountain air make Ramakkalmedu an enchanting retreat. The view is striking at dusk when all these towns are lighted.

## ERAVIKULAM NATIONAL PARK



**Eravikulam National Park** is located

along the Western Ghats in the Idukki district of Kerala. It is the first national park in kerala. Eravikulam National Park is a UNESCO world heritage site. Eravikulam National Park is administered by the Kerala

Department of Forests and Wildlife, Munnar Wildlife Division, together with the nearby Mathikettan Shola National Park, Pampadum Shola National Park, Chinnar Wildlife Sanctuary and the Kurinjimala Sanctuary.

The main body of the park consists of a high rolling hill plateau with a base elevation of about 2,000 m. The terrain consists of high altitude grasslands interspersed with sholas. The perennial streams that crisscross the park merge together to form side stream of the Periyar river and Chalakudy River on the west and the east flowing Cauvery River in Tamil Nadu.

## THEKKADY



**Thekkady** is apparently the best place in Kerala to observe wildlife and hence its a dream destination for any tourist visiting Kerala. Thekkady is located near to Kerala-Tamilnadu border. The sanctuary is famous for its dense evergreen, semi-evergreen, moist deciduous forests and savanna grass lands.

From the mighty Indian elephant to the Great Indian Tiger ,this place has it all. Elephants, Deers,boars,bisons and lion tailed macaques are a common sight in the reservoir area. The tourism department offers trekking right into the heart of the forest either in foot or atop elephants.

The resorts located in the island in the centre of the lake is ideal place to observe animals. Boating through the lake is a very pleasant experience and one can observe many waterbirds at close range. This place is ideal for wildlife photography. Thekkady is considered as a heaven for natural spices such as black pepper, cardamom,cinnamon, nutmeg, nutmace, ginger, and clove.

## MUNNAR



Munnar is a town and hill station located in the Idukki district of the southwestern Indian state of Kerala. Munnar is situated at around 1,600 metres (5,200 ft) above sea level, in the Western Ghats range of mountains. Munnar town is situated on the Kannan Devan Hills village in Devikulam taluk and is the largest panchayat in the Idukki district covering an area of nearly 557 square kilometres (215 sq mi).

The name Munnar is believed to mean “three rivers”, referring to its location at the confluence of the Muthirapuzha, Nallathanni and Kundaly rivers. Chinnar Wildlife Sanctuary, Pothamedu, Devikulam, Kuthumkal waterfalls and Echo point are some of the main visiting places in Munnar . The main attractions are Eravikulam National Park – jungle safari in Eravikulam Park can give an astonishing sight of Langur, Elephants, Tigers, Leopards, Sambars, Nilgiri tahr and many other rare species.

# ഹൃദയരഹസ്യങ്ങൾ

ഹൃദയ സ്പന്ദനത്തിൽ ഹൃദയം ചുരുങ്ങുന്ന പ്രക്രിയ 0.3 സെക്കൻഡ് നീണ്ടുനിൽക്കുന്ന 0.5 സെക്കൻഡ് വികസിക്കുകയും ചെയ്യുന്നു

ഒരുതവണ ഹൃദയം സ്പന്ദിക്കുമ്പോൾ ഏതാണ്ട് 70 എം എൽ രക്തം പമ്പ് ചെയ്യപ്പെടുന്നു

ആരോഗ്യമുള്ളവരും പ്രായപൂർത്തിയായവരും ആയ പുരുഷന്മാര് ഹൃദയസ്പന്ദന നിരക്ക് 70 – 73 പ്രാവശ്യമാണ് സ്ത്രീകളിൽ 78 – 82 പ്രാവശ്യവും

പ്രായത്തിനനുസരിച്ച് ഒരു വ്യക്തിയുടെ ഹൃദയസ്പന്ദന നിരക്ക് വ്യത്യാസപ്പെടുന്നു

നവജാത ശിശുവിൽ ആണ് ഹൃദയമിടിപ്പിനെ നിരക്ക് വ്യത്യാസപ്പെടുന്നു

നവജാതശിശുവിൽ ആണ് ഹൃദയമിടിപ്പിനെ നിരക്ക് ഏറ്റവും കൂടുതൽ മിനിട്ടിൽ ശരാശരി 130 തവണ

1 വയസ്സിൽ 120

2 വയസ്സിൽ 115

6 വയസ്സിൽ 100

8 വയസ്സിൽ 90

12 വയസ്സിൽ 85 എന്നിങ്ങനെ ഹൃദയമിടിപ്പിനെ തോത് കുറഞ്ഞുവരും

പ്രായപൂർത്തിയാകുന്നതോടെ 72 എത്തുന്നു

വാർദ്ധക്യം ആവുന്നതോടെ വീണ്ടുമുയരുന്നു

60 വയസ്സ് കഴിഞ്ഞ ഒരാളിൽ അത് നൂറ് ആയിരിക്കും

പ്രായപൂർത്തിയായ ഒരാളുടെ ഹൃദയം ഒരു മിനിറ്റിൽ 5 ലിറ്റർ രക്തം പമ്പ് ചെയ്യുന്ന ഒരുദിവസം 7200 ലിറ്ററും പമ്പ് ചെയ്യുന്നു

ആഗസ്റ്റ് 3 ദേശീയ ഹൃദയ ദിനമായി ആചരിക്കുന്നു

ഹൃദയസ്പന്ദനം പരിശോധിക്കുന്നതിനുള്ള ഉപകരണമാണ് സ്റ്റെതസ്കോപ്പ് ഫ്രാൻസ് കാരനായ read ലെനോയ് 1815 ലാണ് സ്റ്റെതസ്കോപ്പ് കണ്ടുപിടിച്ചത്

ഹൃദയസ്പന്ദനത്തെ കാരണമാകുന്നത് വൈദ്യുത ആവേഗങ്ങൾ ആണെന്ന് കണ്ടുപിടിച്ചത് ചെക്ക് ശാസ്ത്രജ്ഞനായ ജഹാന് ഇവാഞ്ചലിസ്റ്റ് പാർക്കിംഗ് ആണ് വെൻട്രിക്കിളുകൾ ഉടെ ആന്തര ഭിത്തിയിലുള്ള സൈനോ ഏട്രിയൽ നോഡ് എന്ന സവിശേഷതരം കലകളാണ് ഹൃദയം ഇടിക്കാനുള്ള കറന്റ് ഉൽപാദിപ്പിക്കുന്നത് പാർക്കിംഗ് ഫൈബറുകൾ എന്നാണ് ഈ കലകൾ അറിയപ്പെടുന്നത്

ഹൃദയപേശികളുടെ സങ്കോച ഫലമായി ആ പേശികളിലെ വൈദ്യുത പൊട്ടൻഷ്യൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ രേഖപ്പെടുത്തുന്ന ഉപകരണമാണ് ഇലക്ട്രോ കാർഡിയോഗ്രാം ഇങ്ങനെ ലഭിക്കുന്ന രേഖയാണ് ഇലക്ട്രോ കാർഡിയോഗ്രാം

ലോകത്താദ്യമായി ഹൃദയം മാറ്റിവയ്ക്കൽ ശാസ്ത്രക്രിയ വിജയകരമായി നടന്നത് 1967 ദക്ഷിണാഫ്രിക്കയിലാണ് ഡോക്ടർ ക്രിസ്റ്റ്യൻ ബർണർ ആണ് ആദ്യ ഹൃദയം മാറ്റിവെക്കൽ ശാസ്ത്രക്രിയ നടത്തിയത്

# SOFTWARE LOGOS

| SOFT WARE | LOGO |
|---|---|
| LINUX | |
| MAC OS | |
| ANDROID | |
| APPLE | |
| WINDOWS | |
| BLACK BERRY | |
| UBUNTU | |

# മഹത് വചനങ്ങൾ

1.നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാവുന്നു.ചിന്തകൾ വാക്കുകളും, വാക്കുകൾ പ്രവർത്തികളും, പ്രവർത്തികൾ മൂല്യങ്ങളുമാവുന്നു. നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാവുന്നത്.- മഹാത്മാ ഗാന്ധി

2.നീ നിന്നെ സ്നേഹിക്കുന്നത് പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക-യേശു

3."വിളക്കിന്റെ പ്രകാശത്തിനു നന്ദി പറയുക; എന്നാൽ നിഴലിൽ ക്ഷമയോടെ വിളക്കു പിടിച്ചു നിൽക്കുന്ന ആളെ മറക്കാതിരിക്കയും ചെയ്യുക-രബീന്ദ്രനാഥ് ടാഗോർ

4. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.-ശ്രീനാരായണഗുരു

5.ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സിന്റെ സൃഷ്ടിയാണ് വിദ്യാഭ്യാസം"-അരിസ്റ്റോട്ടിൽ

6.നല്ല വാക്കു പറയാൻ സാധിക്കുമ്പോൾ അത് ചെയ്യാതെ അസ്വീകാര്യമായ വർത്തമാനം പറയുന്നത്, മധുരപഴം നിൽക്കെ പച്ചപഴം ഭക്ഷിക്കുന്നത് പോലെയാണ്-തിരുവള്ളുവർ

7.ഒരാൾ കച്ചവടം പറഞ്ഞതിന്റെ മേൽ നിങ്ങൾ വിലകൂട്ടി പറയരുത്.-മുഹമ്മദ് നബി

8."നമ്മുടെ പ്രയത്നങ്ങളുടെയെല്ലാം ലക്ഷ്യം കൂടുതൽ സ്വാതന്ത്ര്യമാണ്. കാരണം, പൂർണ്ണസ്വാതന്ത്ര്യത്തിൽ മാത്രമേ പരിപൂർണ്ണത ഉണ്ടാവാൻ തരമുള്ളൂ"-സ്വാമി വിവേകാനന്ദൻ

9.ജീവിക്കാൻ വേണ്ടി ഭക്ഷിക്കുക. ഭക്ഷിക്കാൻ വേണ്ടി ജീവിക്കാതിരിക്കുക-സോക്രട്ടീസ d

10.എന്റെ ന്യൂനതകൾ ചൂണ്ടിക്കാണിച്ച് തരുന്നവരാണ് എനിക്കേറ്റവും പ്രിയപ്പെട്ടവർ. എന്റെ പോരായ്മകൾ ശ്രദ്ധയിൽ പെടുത്തുന്നവരെ അല്ലാഹ അനുഗ്രഹിക്കട്ടെ.-ഖലീഫാ ഉമർ

11.ഈശ്വരനുണ്ടോ എന്ന് നമുക്ക് സംശയിക്കാം. പക്ഷെ കഷ്ടപ്പാടും വേദനയും ഉണ്ടെന്നതിൽ സംശയത്തിനവകാശമില്ല. ദു:ഖിക്കുന്നവരോട് കാരുണ്യം കാട്ടുമ്പോൾ തന്നെ ഈശ്വരവിശ്വാസമാണ് നാം പ്രകടിപ്പിക്കുന്നത്-അമൃതാനന്ദമയി

12.ദൈവം നിന്നിൽ നിന്നു കവരട്ടെ,
അവനിൽ നിന്നു നിന്നെക്കവരുന്ന സർവതും.-റാബിയ അൽ ബിസിരി

13.യുദ്ധം ചെയ്യുവാൻ ഉദ്ദേശമില്ലെങ്കിൽ സഖ്യങ്ങൾ ഉണ്ടാക്കുന്നത് നിരർത്ഥകവും ഉപയോഗശൂന്യവുമാണ്.-ഹിറ്റ്ലർ

14.കാര്യമില്ലാത്തതു ചെയ്യുന്നതാകിലാ-
ചാര്യനും ശാസനം ചെയ്കെന്നതേ വരൂ-ഉഞ്ചത്തെഴുത്തച്ഛൻ

15.ആഗ്രഹമില്ലഭിപ്രായവുമില്ലെങ്കിലോ
ജീവിതം ശാന്തം പൂർണ്ണം-കുഞ്ഞുണ്ണിമാഷ്

**16** കണ്ണാടിയിൽ നോക്കുമ്പോൾ മറ്റേയാളെക്കൂടി നോക്കുക- നിങ്ങളോടൊപ്പം നടക്കുന്ന മറ്റേയാളെ.- അന്തോണിയോ മച്ചാദോ

**17** കുറച്ച് ആളുകളെ എല്ലാ കാലവും വിഡ്ഢികളാക്കാം .എല്ലാ ആളുകളേയും കുറച്ച് കാലത്തേക്കും വിഡ്ഢികളാക്കാം . എന്നാൽ എല്ലരേയും എക്കാലത്തേക്കും വിഡ്ഢികളാക്കുക അസാധ്യമാണ്-അബ്രഹാം ലിങ്കൺ

**18.**ഒരു നല്ല ആശയം ഒരിക്കലും നശിക്കയില്ല. അതിനു യഥാർത്ഥത്തിൽ ജന്മം നൽകിയ വ്യക്തിക്ക് അതിന്റെ വെളിപ്പെടുത്തൽ സാധ്യമാക്കാൻ കഴിയാതെ മരിക്കേണ്ടി വന്നാലും പിന്നീടൊരിക്കൽ മറ്റൊരാളുടെ മനസ്സിൽ അതേ ആശയം തീർച്ചയായും ഉദിക്കും.-തോമസ് ആൽവ എഡിസൺ

**19.**സ്വയം നുണ പറയരുത്. സ്വയം നുണ പറയുന്നവൻ, സ്വന്തം നുണകൾക്കു കാതു കൊടുക്കുന്നവൻ തന്റെയുള്ളിലുള്ളതോ, തനിക്കു ചുറ്റുമുള്ളതോ ആയ നേരിനെ തിരിച്ചറിയാനാവാത്തവിധത്തിലാവുകയും, തന്നോടോ, അന്യരോടോ മതിപ്പില്ലാത്ത ഒരാളായിപ്പോവുകയും ചെയ്യും. മതിപ്പില്ലാത്ത ഒരാൾക്കു സ്നേഹവുമുണ്ടാവില്ല.-ഫിയോദർ ദസ്തയേവ്സ്കി

**20** പ്രകൃതിക്കു നാം പുറം തിരിഞ്ഞു നിൽക്കുന്നു; സൗന്ദര്യത്തെ നേരെ നോക്കാൻ ലജ്ജയാണു നമുക്ക്. നമ്മുടെ പരിതാപകരമായ ദുരന്തങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്നത് ഓഫീസിന്റെ മണമാണ്; അതിൽ നിന്നിറ്റു വീഴുന്ന ചോരയുടെ നിറമോ, അച്ചടിമഷിയുടേതും. -ആൽബർട്ട് കാമ്യു

# കടംകഥകൾ

1. അകത്തറുത്താൽ പുറത്തറിയും
ചക്കപ്പഴം
2. അകം എല്ലും തോലും പുറം പൊന്ത പൊന്തം.
വൈക്കോൽത്തുറു
3. അക്കരെ നിൽക്കും കാളക്കുട്ടന് അറുപത്തിരണ്ട് മുടിക്കയറ്.
മത്തത്തണ്ട്.
4. അങ്ങുരുണ്ട ഇങ്ങുരുണ്ട അങ്ങാടിമുറ്റത്തൊന്നുരുണ്ട.
കുരുമുളക്
5. ഇത്തിരി പൊന്നോണ്ടകം നിറച്ചു.
മിന്നാമിനുങ്ങ്
6. ഇത്തിരി മുറ്റത്തഞ്ചാളുകൾ.
കൈവിരലുകൾ
7. ഇത്തിരിക്കുഞ്ഞൻ കുഞ്ഞിനെ കരയിപ്പിച്ചു.
ചീനമുളക്
8. ഇലയില്ല പൂവില്ല കായില്ല കരിവള്ളി.
തലമുടി
9. ഉടുതുണിയില്ലാത്തോൻ കുട ചൂടി നിൽക്കുന്നു.
തെങ്ങ്
10. ഉദിച്ചുവരുന്ന ഭഗവാനെ പിടിച്ചു രണ്ടടി.
സ്വർണ്ണം ഉരുക്കി അടിക്കൽ
11. ഉണ്ണാത്ത അമ്മയ്ക്ക് ഒരു മുട്ടൻവയറ്.
വയ്ക്കോൽതുറു
12. ഊതിയാലണയില്ല, മഴയത്തുമണയില്ല, എണ്ണകൂടാതീ വിളക്കു കത്തും.
ഇലക്ട്രിക് ബൾബ്
13. എല്ലാവർക്കും ആവശ്യമാണ്, ആരും പിടിക്കാൻ ശ്രമിക്കുന്നില്ല.
സൂര്യൻ
14. എന്നെ തൊട്ടാൽ തൊടുന്നവനെ തട്ടും.
വൈദ്യുതി
15. എന്റച്ഛന്റെ കുളത്തിലെ വെള്ളം കോരീട്ടും കോരീട്ടും തീരണില്ല.
സമുദ്രം

16. ഒരു കുപ്പിക്ക് രണ്ട് കുഴി.

മൂക്ക്

17. ഒരു കുപ്പിയിൽ രണ്ണെണ്ണ.

കോഴിമുട്ട

18. ഒരു മുറം മലരിലൊരു തേങ്ങാക്കൊത്ത്.

ചന്ദ്രക്കല


19. വായില്ല നാക്കുണ്ട്, നാക്കിന്മേൽ പല്ലുണ്ട്.

ചിരവ

20. കണ്ടാലറിയില്ല, കൊണ്ടാലറിയും.

കാറ്റ്

എന്റെ കുട്ടിക്കാലം



# നന്ദി

ലിറ്റിൽ കൈറ്റസിന്റെ നേതൃത്വത്തിൽ മാഗസിന്റെ നിർമ്മാണത്തിന് പിന്നിൽ പ്രവർത്തിച്ച കരങ്ങൾ ഏറെയാണ്. ഈ സംരംഭത്തിൽ ലേഖനങ്ങളും, കഥകളും, മറ്റ രചനകളും തയ്യാറാക്കി നൽകിയവർ അതിനെ ഡിജിറ്റൽ രൂപത്തിലേക്ക് പരിവർത്തനം ചെയ്യവർ ഇതിന് നേതൃത്വം നൽകിയ അധ്യാപകർ എല്ലാവർക്കും ഒരായിരം നന്ദി... നന്ദി...

little
KITEs